A1/86/2023/CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ പ്രശസ്ത ചിത്രകാരൻ എ. രാമചന്ദ്രന്റെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള മ്യൂസിയത്തിന്റെ നടത്തിപ്പിനും പരിപാലനത്തിനുമായി കേരള ലളിതകലാ അക്കാദമിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.705/2024/CLAD തീയതി,തിരുവനന്തപുരം, 10-12-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം.71/2024/CLAD തീയതി 10.02.2024

2. സ.ഉ.(സാധാ)നം.657/2024/CLAD തീയതി 13.11.2024

**<u>ഉത്തരവ്</u>**

കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ പ്രശസ്ത ചിത്രകാരൻ എ. രാമചന്ദ്രന്റെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിന് മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്ക് സൂചന (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സാംസ്കാരിക വകുപ്പധ്യക്ഷ കാര്യാലയം ലഭ്യമാക്കിയ കരട് ധാരണാപത്രം വിശദമായി പരിശോധിച്ച് ആവശ്യമായ ഭേദഗതിവരുത്തുകയും തുടർന്ന് എ. രാമചന്ദ്രന്റെ കുടുംബത്തിന് വേണ്ടി ശ്രീ.രാഹുൽ രാമചന്ദ്രനും സംസ്ഥാന സർക്കാരിനുവേണ്ടി സാംസ്കാരിക കാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയും 05.11.2024 ന് ധാരണാപത്രത്തിൽ ഏർപ്പെടുകയും പ്രസ്തുത നടപടിക്ക് സൂചന (2) പ്രകാരം അംഗീകാരം നൽകി ഉത്തരവായിട്ടുമുണ്ട്.

2. ധാരണാപത്രത്തിലെ ഖണ്ഡം 5.2 ലെ വ്യവസ്ഥ പ്രകാരം മ്യൂസിയത്തിന്റെ നടത്തിപ്പും പരിപാലനവും സംസ്ഥാന സർക്കാർ ബാഹ്യ ഓപ്പറേറ്റിംഗ് ഏജൻസി മുഖേന നിർവഹിക്കുന്നതാണ്. പ്രസ്തുത വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ എ.രാമചന്ദ്രൻ മ്യൂസിയത്തിന്റെ നടത്തിപ്പിനും പരിപാലനത്തിനുമായി കേരള ലളിതകലാ അക്കാദമിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് ആർ

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 10-12-2024 12:12:50

പകർപ്പ് : ബഹു സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

സാംസ്കാരികകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി എ ക്ക്